# “നേതാവ് ദാസൻ ആയി തീരട്ടെ”



കൊച്ചുമോൻ ആന്താര്യത്ത്

വിജയത്തിനുവേണ്ടിയും അനുഗ്രഹത്തിനുവേണ്ടിയും ഉള്ള ഓട്ടപ്പാച്ചിലിൽ ആണ് ലോകം. എങ്ങനെയും വിജയം കൈവരിക്കുക, അതിനു ഏതു കുറുക്കു വഴിയും സ്വീകരിക്കുക. അതേപോലെ ഏതു വിധേനയും അനുഗ്രഹം സ്വായത്തമാക്കുക. ഇതാണ് ലോകത്തിന്റെ അവസ്ഥ. സ്വന്തകാര്യത്തിനുവേണ്ടിയും സ്വർത്ഥതാൽപര്യത്തിനു വേണ്ടിയും മറ്റുള്ളവരെ താഴ്ത്തി കെട്ടിയും അടിച്ചുതാഴ്ത്തിയും “മുമ്പന്മാർ” ആകുന്ന ഒരു പറ്റം ആൾക്കാരെ നമ്മുടെ ഇടയിൽ കാണാം. എന്നാൽ ദൈവവചനം പറയുന്നു “മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും” ആകും. എങ്ങനെയും എവിടെയും “ആളാകുക” “നേതാവാകുക” എന്ന ഗൂഢലക്ഷ്യം ഒരു പറ്റം ആൾക്കാരെ ബാധിച്ചിരിക്കുകയാണ്. ഇത് ഒരു അനുഗ്രഹവും വിജയവും ആയി ഇവർ കരുതുന്നു. ഇതിനെ “Leadershipmania” എന്നു വിശേഷിപ്പിക്കാം.

രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മേഖലയിൽ മാത്രമല്ല ആത്മീയ മേഖലയിലും കർത്താവിനോട് പറ്റിച്ചേർന്നിരിക്കുന്നു എന്ന് വിശേഷിപ്പിക്കുന്ന “പെന്തക്കോസ്തുകാരായ” നമ്മുടെ ഇടയിലും ഈ ഒരു മുൻനിര പോരാട്ടം കുടുതലാണ്. പോരാട്ടത്തിന്റെ പോർക്കളത്തിൽ ആയിരിക്കുന്ന നാം ഇതു ശത്രുവിന്റെ പോരാട്ടം ആണെന്ന് അറിയുന്നില്ല. സഭാതലങ്ങളിൽ നടക്കുന്ന ഇലക്ഷനും (Election) കൂട്ടുവേലക്കാരനെയും കൂട്ടു സഹോദരനെയും കൂട്ടു വിശ്വാസിയുടേയും കുറ്റവും കുറവും പറഞ്ഞ് അവനെ ചവിട്ടി താഴ്ത്തി Election -ന് Vote നേടി ജയിച്ച ഇവർ ആരെ നേടും ആരെ പ്രസംഗിക്കും. ഇവിടെ അവരവർ തന്നെ ഒരു സ്വയ പരിശോധന നടത്തുക. 1 തിമൊ. 3-ാം അദ്ധ്യായത്തിൽ അദ്ധ്യക്ഷനെക്കുറിച്ചു പറയുന്നു. “ഒരുവൻ അദ്ധ്യക്ഷ സ്ഥാനം കാംഷിക്കുന്നു എങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു എന്നുള്ളത് വിശ്വാസ യോഗ്യം ആകും”.

A Leader should knows the way
Shows the way
Goes the way

ഒരു നേതാവ് തന്റെ വഴി അറിയണം, അത് മറ്റുള്ളവരെ കാണിക്കണം, അവൻ ആ വഴിയിൽ നടക്കണം.

അദ്ധ്യക്ഷൻ ആകാൻ ആഗ്രഹിക്കുന്നവൻ ആദ്യം നല്ല ശുശ്രൂഷകനും നല്ല ദാസനും ആയി തീരണം. ഈ ഒരു നേതൃത്വ പിഴവുമൂലം ആകാം സഭകളിൽ നടക്കുന്ന പിളർപ്പ്. രാഷ്ട്രീയത്തിൽ പറയുന്നതുപോലെ “പിളരുന്തോറും വളരുകയും വിളരുകയും ചെയ്യും”. ആത്മീക അനുഗ്രഹത്തിനും സഭയുടെ വളർച്ചയ്ക്കും ശുദ്ധീകരണത്തിനും ആണ് പിളർപ്പ് എങ്കിൽ നല്ലത്. അല്ല അദ്ധ്യക്ഷ സ്ഥാനത്തിനു വേണ്ടിയുള്ള പിടിവലി ആണെങ്കിൽ അമ്പേ പരാജയം.

ഇന്നത്തെ കാലഘട്ടത്തിൽ ഒരു വിശ്വാസിക്കു ആദ്യം വേണ്ടത് “വിവേചന വരം” ആണ്. നല്ലതും തീയതും തിരിച്ചറിയുക. ഇടയന്മാരെയും കൗലേടയന്മാരെയും മനസിലാക്കുക. ആട്ടിൻ തോലണിഞ്ഞ ചെന്നായ്ക്കളെ സൂക്ഷിക്കുക. വീടിന്റെ മുമ്പിൽ “Beware of Dogs” എന്ന് എഴുതിയിരിക്കുന്നതുപോലെ ചർച്ചിന്റെ മുന്നിൽ “Beware of Devil Spirit leaders” എന്ന് എഴുതിവയ്ക്കേണ്ട കാലം ആസന്ന ഭാവിയിൽ ഉണ്ടാകുമോ?

പ്രിയ സഹോദരങ്ങളെ, ദർശനം നഷ്ടപ്പെട്ട ഇടയന്മാരും, ലക്ഷ്യം തെറ്റുന്ന ആടുകളും ചെന്നെത്തുന്നത് കുഴിയിലേക്കാണ്. നമ്മുടെ കർത്താവ് വരാറായി. അവൻ തന്റെ മണവാട്ടി സഭയെ ചേർക്കാൻ വരുമ്പോൾ നാം ബുദ്ധിയുള്ള കന്യകമാരെപ്പോലെ എണ്ണയോടുകൂടി എടുക്കുമോ. ഇന്ന് പലരുടെയും കൈയ്യിൽ വിളക്കുണ്ട് എന്നാൽ എണ്ണയില്ല. നമ്മുടെ ജീവിതത്തിന്റെ കണക്ക് എടുക്കുമ്പോൾ അതിൽ ‘Balance Sheet -ന്റെ Asset -ൽ എണ്ണയോടുകൂടിയ വിളക്കു കാണുമോ. “A Lamp with Oil”

ഇന്നത്തെ പല സഭകളിലും അനുഗ്രഹവും വിജയവും ആണ് പ്രസംഗവിഷയം. ആർക്കും കഷ്ടതവേണ്ട. കർത്താവ് നമ്മെ വിളിച്ചിരിക്കുന്നത് അവനോട് കൂടി കഷ്ടം സഹിക്കാനാണ്. ശാപവും രോഗവും ദുഃഖവും ഭാരവും എല്ലാം അവൻ മാറ്റും അവൻ അനുഗ്രഹവും വിജയവും നമ്മുടെ ജീവിതത്തിൽ തരും. എന്നാൽ അവനോടുകൂടെ കഷ്ടം സഹിക്കാൻ വിളിക്കപ്പെട്ടവർ എന്ന സത്യം നാം മറന്നുപോകരുത്.

ലക്ഷ്യം തെറ്റിയ ഇടയൻമാർ ദൈവവചനത്തിന്റെ സത്യം മറച്ചു പിടിക്കുകയും വേർപാടിലും വിശുദ്ധിയിലും ഇളവു വരുത്തി സഭകളെ വളർത്തുന്നതും ആൾക്കാരെ കൂട്ടുന്നതും ഇന്ന് നടമാടുന്ന സത്യം ആണ്. ഈ കാലം Globalisation- ന്റെയും Liberlisation -ന്റെയും (ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും) കാലയളവിൽ ദൈവ വചനവും ഉദാരവത്കരിച്ചാൽ ദൈവ രാജ്യത്തിൽ അവർക്ക് സ്ഥാനമില്ല. നമ്മുടെ കർത്താവ് “ഉവ്വ്” എന്നു പറഞ്ഞാൽ “ഉവ്വ്” എന്നും “ഇല്ല” എന്നു പറഞ്ഞാൽ “ഇല്ല” എന്നും ആണ്. ആകാശവും ഭൂമിയും മാറിപോയാലും ദൈവവചനം മാറില്ല. ആയതിനാൽ അതിനെകോട്ടി കളയരുത് ദുരുപദേശം പടർത്തരുത്, ഉദാരവത്കരിക്കരുത്.

ഒരു പഴഞ്ചൊല്ല് ഓർത്തു പോകുന്നു. “ആശാൻ ഒന്നു പിഴച്ചാൽ ശിഷ്യന് 56 അക്ഷരവും പിഴക്കും” ആയതിനാൽ സ്വാർത്ഥ മോഹികളായ ദർശനം നഷ്ടപ്പെട്ട നേതാക്കളെ തിരിച്ചറിഞ്ഞ് നാം സ്വയം തിരിച്ചറിവുള്ളവരാകാം. ക്രിസ്തുവെന്ന തലയോളം വളരാം നിത്യ രാജ്യത്തിന്റെ അവകാശികളാകാം. അവന്റെ രാജ്യത്തിന്റെ കെട്ടുപണിക്കായി പ്രവർത്തിക്കാം.